പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1586 | 07-03-2018 ൽ മറുപടിയ്ക്ക്

## പി. എസ്. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പി. എസ്. സി. കാറ്റഗറി നം 558/2014 പ്രകാരം വിജ്ഞാപനം ചെയ്ത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ട്; കാലാവധി കഴിഞ്ഞുവോ എന്നറിയിക്കാമോ; | എ) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് ഒരു വർഷം വരെയോ അല്ലെങ്കിൽ റാങ്ക് പട്ടികയുടെ കാലാവധി ഒരു വർഷം പൂർത്തിയാകുന്നതിനു മുൻപ് ലഭിച്ച ഒഴിവുകളിൽ നിയമനം ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ പരിശീലനം ആരംഭിച്ചിട്ട് ഒരു മാസം കഴിയുന്നതു വരെയോ (ഏതാണോ അവസാനം അത്) ആണ്. ടി പട്ടികയുടെ കാലാവധി ഒരു വർഷം പൂർത്തിയാകുന്നത് 11.1.2018 ലാണ്. അവസാനമായി നിയമന ശുപാർശ നടന്ന ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് 15-03-18 ന് ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ടി പട്ടിക 14.4.2018 വരെ നിലനിൽക്കുന്നതാണ്. |
| ബി) ഫയർമാൻ / ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ നിലവിലുണ്ട്; വിശദവിവരങ്ങൾ നൽകാമോ? | ബി) നിലവിൽ 98 ഒഴിവുകളുണ്ട്. ടി തസ്തികയിൽ നിയമന ശുപാർശ ലഭിച്ച 67 പേരുടെ നിയമന നടപടികൾ പൂർത്തിയായി വരുന്നു. 10 എൻ.ജെ.ഡി ഒഴിവുകളും പട്ടികജാതി പട്ടികവർഗ്ഗത്തിനു സംവരണം ചെയ്ത 18 ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ